"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പാലക്കാട് നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ - മരണപ്പെട്ട രെജികുമാർ.വി-യുടെ ഭാര്യ ശ്രീമതി.സൗമ്യ. എം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.190/2022/LSGD തീയതി,തിരുവനന്തപുരം, 20-08-2022

---

പരാമർശം:- 1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

2. ശ്രീമതി.സൗമ്യ. എം സമർപ്പിച്ച 21.11.2019 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 24.02.2021 തീയതികളിലെ E4/16434/2020 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
5. പാലക്കാട് ജില്ലാ കളക്ടറുടെ 01.01.2022 തീയതിയിലെ DCPKD/4050/2021-A3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പാലക്കാട് നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 07.11.2018 തീയതിയിൽ മരണപ്പെട്ട രെജികുമാർ.വി-യുടെ ഭാര്യ ശ്രീമതി.സൗമ്യ. എം (കൊളക്കപാടം ഹൗസ്, 3/404, കല്ലിങ്കൽ , കൊട്ടുമ്പ് പി.ഒ, പാലക്കാട്, 678551 ) അപേക്ഷ സമർപ്പിച്ചിരുന്നു. രെജികുമാർ.വി-യുടെ സേവനകാലം 04 വർഷവും 07 മാസവും 11 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 22.11.1974 , 28.03.2014 ആണ്. നഗരകാര്യ ഡയറക്ടറും പാലക്കാട് ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീമതി.സൗമ്യ. എം പത്താംതരം വരെ പഠിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തിയതി 02.05.1985 എന്നതുമാണ്. ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിലാണ്(21.11.2019) സമർപ്പിച്ചിട്ടുള്ളത്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് പാലക്കാട് നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ ശ്രീമതി.സൗമ്യ. എം-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാരി പുനർവിവാഹം ചെയ്തിട്ടില്ല എന്ന് ഇലപ്പുള്ളി 1 വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി.സൗമ്യ. എം-ന്റെ കുടുംബ വാർഷിക വരുമാനം 24,000/-

രൂപയാണെന്ന് (ഇരുപത്തിനാലായിരം രൂപ മാത്രം) ഇലപ്പുള്ളി 1 വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം (4) പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പാലക്കാട് നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 07.11.2018 തീയതിയിൽ മരണപ്പെട്ട രെജികുമാർ.വി-യുടെ ഭാര്യ ശ്രീമതി.സൗമ്യ. എം -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്:</u>

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പാലക്കാട് നഗരസഭ
ജില്ലാ കളക്ടർ , പാലക്കാട്
ശ്രീമതി.സൗമ്യ. എം ,കൊളക്കപാടം ഹൗസ്, 3/404, കല്ലിങ്കൽ , കൊടുമ്പ് പി.ഒ, പാലക്കാട്, 678551
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/79/2021-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 20-08-2022 11:23:46**
സെക്ഷൻ ഓഫീസർ